## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 211 — 26.09.2016 ൽ മറുപടിക്ക്

### സർക്കാർ ആശുപത്രികളിലെ ഓപ്പറേഷൻ തീയേറ്ററുകൾ

| ചോദ്യം<br>ശ്രീ.കെ.സുരേഷ് കുറുപ്പ്<br>പ്രൊഫ.കെ.യു. അരുണൻ<br>ശ്രീ.സി.കെ. ഹരീന്ദ്രൻ<br>ശ്രീ.പി.കെ. ശശി | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സർക്കാർ ആശുപത്രികളിലെ ഓപ്പറേഷൻ തീയേറ്ററുകളുടെ പശ്ചാത്തല സൗകര്യങ്ങളുടെ പരിമിതിയും, യന്ത്രസാമഗ്രികളുടെ അപര്യാപ്തതയും മൂലം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിലെ ഓപ്പറേഷൻ തീയേറ്ററുകളുടെ പശ്ചാത്തല സൗകര്യ വികസനത്തിനായി വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി നിർമ്മാണ പ്രവർത്തനങ്ങൾ നടത്തി വരുന്നു. ആരോഗ്യ വകുപ്പിന് കീഴിലെ ബൃഹത്തായ നിർമ്മാണ പ്രവർത്തനങ്ങൾ, ആരോഗ്യ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളെ ശക്തിപ്പെടുത്തൽ, ആസ്തി, നവീകരണ പദ്ധതികൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനതുഫണ്ട്, ബഹു. എം.പി-എം.എൽ.എ. എന്നിവരുടെ ആസ്തി വികസന പദ്ധതികൾ എന്നിവയിൽ ഉൾപ്പെടുത്തി ആശുപത്രികളുടെ പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനാവശ്യമായ നടപടികൾ ഓരോ സാമ്പത്തിക വർഷവും നടത്തി വരുന്നുണ്ട്. |
| (ബി) | മേജർ ഓപ്പറേഷൻ തീയേറ്ററുകൾ ഉള്ള ആശുപത്രികളിൽപ്പോലും തീയേറ്റർ മാലിന്യങ്ങൾ സംസ്കരിക്കുന്നതിനാവശ്യമായ സൗകര്യങ്ങൾ ഇനിയും ഒരുക്കിയിട്ടില്ലായെന്നത് ഗൗരവമായി കാണുന്നുണ്ടോയെന്ന് അറിയിക്കുമോ; | (ബി) | ഓപ്പറേഷൻ തീയറ്ററുകളിൽ നിന്നുള്ള മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും സീവേജ് പ്ലാന്റും ബയോഗ്യാസ് പ്ലാന്റും സജ്ജീകരിച്ചിട്ടുണ്ട്. 'ഇമേജ്' എന്ന സംഘടനയുടെ നേതൃത്വത്തിൽ എല്ലാ മെഡിക്കൽ കോളേജുകളിലും ഓപ്പറേഷൻ തീയേറ്റർ മാലിന്യങ്ങൾ സംസ്കരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തി വരുന്നു. ഇടത്തരം |

| | | | |
|---|---|---|---|
| | | | ആശുപത്രികളും മറ്റും ആശുപത്രി മാലിന്യങ്ങൾ തരംതിരിച്ച് പൊതുജനാരോഗ്യ ഭീഷണിയുണ്ടാകാത്ത വിധത്തിലാണ് സംസ്കരിക്കുന്നത്.<br>ഇമേജുമായി കരാർ ഇല്ലാത്ത സ്ഥാപനങ്ങളിൽ മാലിന്യങ്ങൾ വേർതിരിച്ച് ബ്ലേഡ്, സൂചി തുടങ്ങിയ മൂർച്ചയുള്ള വസ്തുക്കൾ ബ്ലീച്ചിംഗ് പൗഡർ ലായനിയിൽ ഇട്ട് അണുവിമുക്തമാക്കിയ ശേഷം അതിനായി പ്രത്യേകം നിർമ്മിച്ചിട്ടുള്ള പിറ്റിൽ നിക്ഷേപിക്കുകയും ഉപയോഗ ശേഷം നീഡിലുകൾ, നീഡിൽ ഡിസ്ട്രോയർ ഉപയോഗിച്ച് കത്തിച്ചു കളയുകയും, മറ്റു മാലിന്യങ്ങൾ പൊതുജനാരോഗ്യ ഭീഷണിയുണ്ടാകാത്ത വിധം പ്രത്യേക കുഴികളിൽ നിക്ഷേപിക്കുകയോ, കത്തിക്കാവുന്ന പഞ്ഞി, കടലാസ് മുതലായവ കത്തിച്ചു കളയുകയോ ആണ് പൊതുവിൽ ചെയ്തുവരുന്നത്. |
| (സി) | ബന്ധപ്പെട്ട ആശുപത്രികളിൽത്തന്നെ ആശുപത്രി മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് ആധുനിക സംവിധാനങ്ങൾ ഒരുക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്നും ഇതിനായി കേന്ദ്ര സഹായം തേടുമോ എന്നും വ്യക്തമാക്കുമോ; | (സി) | ഇമേജ് സംവിധാനം വഴി പ്രധാനപ്പെട്ട ഗവ.ആശുപത്രികളിലെ ബയോ മെഡിക്കൽ വേസ്റ്റ് സുരക്ഷിതമായി സംസ്കരിക്കുന്നു. ഇടത്തരം ആശുപത്രികളിലും മറ്റും ആശുപത്രി മാലിന്യങ്ങൾ തരംതിരിച്ച് പൊതുജനാരോഗ്യ ഭീഷണിയുണ്ടാകാത്ത വിധത്തിലാണ് സംസ്കരിക്കുന്നത്. ദ്രവ മാലിന്യ സംസ്കരണത്തിന് പ്രധാനപ്പെട്ട ആശുപത്രികളിൽ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുവാനും നടപടികൾ എടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ